


## വിചിന്തനം

മെയ് 2024

ഏറ്റവും മികച്ച വസ്ത്രം തന്റെ മക്കളെ ധരിപ്പിക്കാൻ ഇഷ്ടപ്പെടുന്ന പിതാവായ ദൈവത്തിന്റെ ചിത്രം തന്നെയാണ് തങ്ങളുടെ മക്കളെ നല്ല വസ്ത്രങ്ങൾ ധരിപ്പിക്കാൻ ഇഷ്ടപ്പെടുന്ന മാതാപിതാക്കളിലും നാം കാണുന്നത്. വൈവിധ്യമാർന്ന വസ്ത്രങ്ങളാണ് ദൈവം നമുക്ക് സമ്മാനിക്കുന്നത്. നാണം മറയ്ക്കുന്നതിന് മൃഗത്തോൽ, മങ്ങാത്തതും കീറാത്തതുമായ വസ്ത്രങ്ങൾ, മഹിമയും സ്തുതിയും രക്ഷയുമാകുന്ന വസ്ത്രങ്ങൾ, നീതിയുടെ കണ്ണഞ്ചിപ്പിക്കും കുപ്പായം. എല്ലാറ്റിനും ഉപരിയായി അവിടുന്ന് നമ്മെ യേശുവിനാൽ ധരിപ്പിക്കുന്നു. ക്രിസ്തുവിന്റെ സ്വഭാവം ധരിക്കുന്ന നാം രാജകീയ പുരോഹിതരാകുന്നു. പശ്ചാത്തപിക്കുമ്പോൾ ഏറ്റവും മനോഹരമായ വസ്ത്രത്താൽ നാം അലങ്കരിക്കപ്പെടുന്നു. നോക്കൂ, ദൈവം സമ്മാനിക്കുന്ന ഈ വസ്ത്രങ്ങളിൽ നാം എത്രത്തോളം പ്രശോഭിക്കുന്നു! എന്നാൽ ഈ സൗന്ദര്യം തിരിച്ചറിയണമെങ്കിൽ സ്വർഗസ്ഥനായ പിതാവ് നമ്മെ കാണുന്നതുപോലെ, നമുക്ക് നമ്മെത്തന്നെ കാണാൻ കഴിയണം.

യേശുവിനു പിതാവിന്റെയടുക്കലേക്കു മടങ്ങാനുള്ള സമയമായപ്പോൾ അവൻ തികച്ചും അസാധാരണമായ ഒരു വാഗ്ദാനമാണു നൽകിയത്, നാം പരിശുദ്ധാത്മാവിന്റെ ശക്തി ധരിക്കും (ലൂക്കാ 24, 49). ദൈവം തന്നെ നമ്മിലേക്കു ചൊരിയപ്പെടുന്ന ഈ അനുഭവമാണ് പന്തക്കുസ്തയിൽ നാം ആഘോഷിക്കുകയും പുതുക്കുകയും പുൽകുകയും ചെയ്യുന്നത്. യേശു നൽകിയ ഏറ്റവും വലിയ വാഗ്ദാനമായ പരിശുദ്ധാത്മാവിന്റെ ആവരണമാണ് നാമണിയുന്ന ഏറ്റവും അമൂല്യമായ വസ്ത്രം. അത് ദൈവശക്തിയുടെയും സ്നേഹത്തിന്റെയും ഉടയാടയാണ്. നമ്മെ സംരക്ഷിക്കുകയും സജ്ജരാക്കുകയും ചെയ്യുന്ന ദൈവസാന്നിധ്യം തന്നെയാണത്.

തുടക്കത്തിൽ പറഞ്ഞതുപോലെ ദൈവം നമ്മെ ധരിപ്പിക്കുന്ന വിവിധ വസ്ത്രങ്ങളിലൂടെ നാം അവിടുത്തെ കൃപയിലും ജീവനിലും പങ്കുകാരാകുകയാണ്. എന്നാൽ പരിശുദ്ധാത്മാവ് എന്ന വിശിഷ്ട വസ്ത്രത്താൽ നാം ആവരണം ചെയ്യപ്പെടുമ്പോൾ യേശു ചെയ്ത അതേ കാര്യങ്ങളും അവയെക്കാൾ വലിയവയും ചെയ്യാൻ നാം പ്രാപ്തരാകും (യോഹ 14,12). പരിശുദ്ധാത്മാവിന്റെ ശക്തിയിലും അധികാരത്തിലും സ്വാധീനശക്തിയിലും ലോകത്തെ മാറ്റാൻ കഴിവുള്ള ക്രിസ്തുസാക്ഷികളായി നാം മാറും (അപ്പ. 1,8). ക്രിസ്തുവിന്റെ സ്ഥാനപതികളായി നാം ശക്തീകരിക്കപ്പെടും (2 കൊറീ. 5,20).

ജീസസ് യൂത്ത് എന്ന നിലയിൽ ദൈവരാജ്യത്തിന്റെ സാക്ഷികളും സ്ഥാനപതികളുമാകാനുള്ള നമ്മുടെ വിളി പൂർത്തീകരിക്കാൻ നാം തയാറാണോ എന്നതാണു ചോദ്യം. ഗ്രീക്ക് ഭാഷയിൽ സാക്ഷി എന്നതിനും രക്തസാക്ഷി എന്നതിനും ഒരേവാക്കാണ് ഉപയോഗിക്കുന്നത്. സത്യത്തിൽ ക്രിസ്തുവിനു സാക്ഷ്യംവഹിക്കുക എന്നാൽ അനുദിനം രക്തസാക്ഷിത്വം വരിക്കുക എന്നുകൂടിയാണ് നാം മനസ്സിലാക്കേണ്ടത്. അത് പാപങ്ങളെയും അഹത്തെയും സംബന്ധിച്ചുമുള്ള അനുദിന മരണമാണ്. അനുദിനമുള്ള കുരിശുവഹിക്കലും സ്വന്തം താൽപര്യങ്ങളെ മാറ്റിവച്ച് ദൈവഹിതം സ്വീകരിക്കുന്നതുമാണ്.

പരിശുദ്ധാത്മാവാകുന്ന കുപ്പായത്തിന്റെ ഓരോ ഇഴയിലും ദൈവശക്തിയാണ് നിറയുന്നത്. (ഗ്രീക്ക് ഭാഷയിൽ ശക്തിക്ക് ഡ്യുനാമിസ് - dunamis എന്നാണു പറയുന്നത്. ഡൈനമിറ്റ് എന്നതിന്റെയും ഉത്ഭവം ഇതിൽ നിന്നാണ്). കഥകളിൽ കാണുന്ന സൂപ്പർഹീറോകളിൽ പലർക്കും അവരുടെ അസാധാരണ കഴിവുകൾ പുറത്തെടുക്കണമെങ്കിൽ ചില മാന്ത്രിക കുപ്പായങ്ങൾ ധരിക്കണം. ഉദാഹരണത്തിന് ക്ലാർക്ക് കെന്റ് സൂപ്പർമാനാകുന്നത് നീല സ്യൂട്ടും ചുവന്ന മേലങ്കിയും ധരിക്കുമ്പോഴാണ്. പരിശുദ്ധാത്മാവാകുന്ന ഉടയാട നമ്മുടെ സ്ഥിരമായ സൂപ്പർഹീറോ കുപ്പായമാണ്. പന്തക്കുസ്താ ദിനത്തിൽ നമുക്ക് ലഭിക്കുന്ന ഈ പുതിയ കുപ്പായത്തിൽ എങ്ങനെ ജീവിക്കണമെന്നും പ്രവർത്തിക്കണമെന്നും നാം പഠിക്കേണ്ടതുണ്ട്. റോഡിൽ ഗതാഗതം നിയന്ത്രിക്കുന്ന ഒരു ചെറിയ മനുഷ്യൻ കരമുയർത്തുമ്പോൾ ഭീമാകാരമായ ട്രക്കുകൾ പോലും നിർത്തുന്നു. കാരണം, ആ മനുഷ്യൻ അണിഞ്ഞിരിക്കുന്ന പൊലീസ് യൂണിഫോമാണ്. ദൈവം നമ്മെ ധരിപ്പിക്കാൻ ആഗ്രഹിക്കുന്ന പരിശുദ്ധാത്മാവാകുന്ന വസ്ത്രത്തിന്റെ ശക്തി മനസ്സിലാക്കാൻ നമുക്ക് ശ്രമിക്കാം. പരിശുദ്ധാത്മാവിന്റെ ശക്തിയാലും സാന്നിധ്യത്താലും (എഫേ 5,18) നിറയാൻ ഇടതടവില്ലാതെ നാം ആഗ്രഹിക്കുന്നുണ്ടോ ? ആത്മാവിന്റെ ദാനങ്ങൾക്കായി തീക്ഷ്ണമായി ദാഹിക്കുകയും (1 കൊറീ. 14,1) വിശ്വാസത്തോടെ ഉചിതമായ സമയങ്ങളിലെല്ലാം അവ ഉപയോഗിക്കാൻ ശ്രമിക്കുകയും ചെയ്യുന്നുണ്ടോ ?

നമുക്ക് ലഭിച്ചിരിക്കുന്ന ദൈവികമായ ഈ വസ്ത്രത്തിൽ അസൂയാലുവായ ശത്രു, ഈ വസ്ത്രത്തിന്റെ ശക്തിയും സംരക്ഷണവും നമ്മിൽ നിന്ന് അപഹരിക്കാൻ കിണഞ്ഞു പരിശ്രമിക്കുകയാണ്. ആത്മാവിന്റെ വഴികൾവിട്ട് ജഡികവഴികളെ പിൻചെല്ലാൻ അവൻ നമ്മെ പ്രലോഭിപ്പിച്ചുകൊണ്ടേയിരിക്കും. ഈ ലോകത്തിന്റെ ആകർഷണങ്ങളും കണ്ണുകളുടെ ആസക്തിയും ജഡികമോഹങ്ങളും ജീവിതത്തിന്റെ അഹന്തയുമെല്ലാം പരിശുദ്ധാത്മ ശക്തിയിലുള്ള നമ്മുടെ അനുദിന ആശ്രയത്തെ ദുർബലമാക്കിയിട്ടുണ്ടാകാം. ദൈവശക്തിയുടെ ഈ കുപ്പായം വീണ്ടും കുറ്റമറ്റരീതിയിൽ പൂർണമായും അണിയുന്നതിനുള്ള അവസരമാണ് പന്തക്കുസ്ത നമുക്ക് നൽകുന്നത്. ദൈവം നമ്മെ വിളിക്കുന്ന വിശുദ്ധിയുടെയും അധികാരത്തിന്റെയും ഫലദായകത്വത്തിന്റെയും അടുത്തതലത്തിലേക്ക് പ്രവേശിക്കാനുള്ള സമയമാണത്.

പന്തക്കുസ്തയ്ക്കായി എങ്ങനെയാണ് ഞാൻ ഒരുങ്ങേണ്ടത് ? എത്ര താൽപര്യത്തോടെയും ആകാംക്ഷയോടെയും ദാഹത്തോടെയുമാണ് പിതാവായ ദൈവം സമ്മാനിക്കുന്ന വസ്ത്രത്തിനും ശക്തിക്കും ദാനങ്ങൾക്കുമായി ഞാൻ കാത്തിരിക്കുന്നത് ?

‘‘പിതാവേ, എന്നെയും ജീസസ് യൂത്ത് മുന്നേറ്റത്തെയും അങ്ങയുടെ ആത്മാവാകുന്ന വസ്ത്രത്താലും ശക്തിയാലും ആവരണം ചെയ്യണമേ’’

**മാത്യു ജേക്കബ്**

..........................................................................................

മാത്യു ജേക്കബ് ഭാര്യ സാറയ്ക്കൊപ്പം അമേരിക്കയിലെ ടെക്സാസിൽ താമസിക്കുന്നു. അദ്ദേഹത്തിനു നാലു മക്കളും രണ്ട് പേരക്കുട്ടികളുമാണുള്ളത്. പ്രൊഫഷണൽ ലോകത്ത് പ്രധാന സ്ഥാനങ്ങൾ വഹിക്കുമ്പോഴും, തീക്ഷ്ണമതിയായ ഈ മിഷനറി ജീസസ് യൂത്ത് മുന്നേറ്റത്തെ ശക്തമായ പിന്തുണക്കുന്നു

*Prepared by Jesus Youth International Formation Team.*
*Email: formation@jesusyouth.org*